**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3573** **05-08-2021 - ൽ മറുപടിയ്ക്ക്**

**സംരംഭകത്വ വികസനത്തിൽ പരിശീലനം നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അഭ്യസ്തവിദ്യരും സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരും തൊഴിൽരഹിതരുമായ യുവതീയുവാക്കൾക്ക് സംരംഭകത്വ വികസനത്തിലും പശ്ചാത്തല വികസനത്തിലും പങ്കാളിത്തം നൽകുന്നതിന് വ്യവസായ വകുപ്പിന്റെ കീഴിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ അഭ്യസ്തവിദ്യരും സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരും തൊഴിൽരഹിതരുമായ യുവതീ യുവാക്കൾക്ക് സംരംഭകത്വ വികസനത്തിലും പശ്ചാത്തല വികസനത്തിലും പങ്കാളിത്തം നൽകുന്നതിന് വ്യവസായ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ യുവസംരംഭകർക്കുള്ള സേവനങ്ങൾ നൽകുന്നതിനായി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ. 2. ജില്ല-താലൂക്ക്-ബ്ലോക്ക് അടിസ്ഥാനത്തിൽ ബോധവൽക്കരണ സെമിനാറുകളും സംരംഭകത്വ വികസന പരിശീലനങ്ങളും നിക്ഷേപക സംഗമങ്ങളും സംഘടിപ്പിക്കുന്നു. 3. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതിക വിദ്യ വികസി പ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെന്റിലും സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനു മായി ടെക്നോളജി മാനേജ്മെന്റ് പ്രോഗ്രാമുകളും നടത്തി വരുന്നു. 4. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ പ്രോത്സാഹന ത്തിനായി ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നു. 5. സുസ്ഥിര സംരഭകത്വത്തിനുള്ള അഗ്രോ ബിസിനസ് ഇൻകുബേഷൻ എന്ന പദ്ധതി വഴി കാർഷിക ഭക്ഷ്യ സംസ്കരണ മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നവരെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് മുഖേന ഗവേഷണസ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുകയും അവർക്കാവശ്യമായ ഇൻകുബേഷൻ സപ്പോർട്ട് പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കുകയും ചെയ്യുന്നു. |
| (ബി) | വിദ്യാർത്ഥികളെ പഠനത്തോടൊപ്പം സംരംഭങ്ങളിൽ പങ്കാളികളാക്കി പരിശീലനം നൽകുന്ന പദ്ധതി | (ബി) | സ്കൂൾ-കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിക്കുകയും അവയ്ക്കായി സംരംഭക |

| | | | |
|---|---|---|---|
| | വ്യവസായ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | | വികസന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ